# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2912 | 17.10.2016 -ൽ മറുപടിയ്ക്ക് |
|---|---|

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സ്വീകരിച്ച നടപടികൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. രാജു എബ്രഹാം | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.പി.എസ് നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (ബി) | ഐ.സി.പി.എസ് പദ്ധതിക്ക് സംസ്ഥാന തലത്തിൽ നിന്നും ജില്ലാതലത്തിലേക്ക് തുക കൈമാറ്റത്തിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് ഐ.സിപി.എസ് പദ്ധതി നടപ്പിലാക്കുന്നതിനായി ശരാശരി 55:45 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭിക്കുന്നത്. ലഭ്യമാകുന്ന കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ദേശസാൽകൃത ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതും പ്രസ്തുത തുകയിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വിനിയോഗിക്കേണ്ടതുമാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.<br>കഴിഞ്ഞ സാമ്പത്തിക വർഷംവരെ എസ്.സി.പി.എസ് ന്റെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നും ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ TSB അക്കൗണ്ടിലേയ്ക്ക് ചെക്ക് മുഖേന തുക അനുവദിച്ചു വരികയായിരുന്നു. എന്നാൽ നടപ്പ സാമ്പത്തിക വർഷം (2016-17) സംസ്ഥാന സർക്കാർ BAMS (Budget Allocation and Management System) നടപ്പിലാക്കുകയും സാമൂഹ്യനീതി വകുപ്പിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ സബോർഡിനേറ്റ് കൺട്രോളിംങ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തു സാഹചര്യത്തിൽ തുക ഐ.സി.പി.എസ് ന്റെ ശീർഷകമായ 2235-02-102-61(P)ൽ നിന്നും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക് അലോട്ട്മെന്റായി അനുവദിക്കുകയും ഡി.എസ്.ജെ.ഒ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഫണ്ട് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്. |
| (സി) | കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | | (സി) സംയോജിത ശിശുസംരക്ഷണപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുമായി ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വകുപ്പുകളുടെ ഏകോപനം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഉണ്ടാകേണ്ടതുണ്ട്. ഐ.സി.പി.എസ് ഗൈഡ് ലൈനും വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തൊഴിൽ മുതലായ വകുപ്പുകളുമായാണ് ഏകോപനം ഉണ്ടാകേണ്ടത്. സംസ്ഥാനത്ത് ഐ.സി.പി.എസ് പൂർണ്ണമായും പ്രവർത്തനക്ഷമമായ സാഹചര്യത്തിൽ വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉണ്ടാകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (ഡി) | പദ്ധതി നിർവ്വഹണത്തിനായി ജില്ലാ കളക്ടർമാരുടെ യോഗം എത്ര തവണ വിളിച്ചു ചേർത്തിട്ടുണ്ട്; | | (ഡി) ജെ.ജെ. ആക്ട്, ജെ.ജെ റൂൾസ് എന്നിവയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി ഐ.സി.പി.എസ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. 2000 ലെ ജെ.ജെ ആക്ടിൽ ജില്ലാ കളക്ടർക്ക് ഐ.സി.പി.എസ് പദ്ധതി പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമുണ്ടായിരുന്നില്ല. ആയതിനാൽ ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുചേർക്കേണ്ട ആവശ്യകതയുണ്ടായിരുന്നില്ല. എന്നാൽ 2015 ലെ പുതുക്കിയ ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടും, 2016-ലെ മോഡൽ റൂളും പ്രകാരം ജില്ലാ കളക്ടർമാർക്ക് ചില ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കേണ്ടതുള്ളതിനാൽ ജില്ലാ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ചു ചേർക്കാവുന്നതാണ്. |
| (ഇ) | ജില്ലാതലത്തിൽ ഐ.സി.പി.എസ് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ട- | | (ഇ) 1. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കണ്ടുപിടിയ്ക്കുന്നതിനായി സമഗ്രമായ ഒരു സർവ്വേ (Vulnerability Mapping) സംസ്ഥാനത്ത് |

| | | |
|---|---|---|
| | ക്ഷൻ സൊസൈറ്റി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു.<br>2. കാലാവധി പൂർത്തിയാക്കിയ CWC/JJB കളിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>3. ഓരോ ജില്ലയിലേയും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്ന (ഈ സാമ്പത്തിക വർഷത്തെ അവശേഷിയ്ക്കുന്ന 5 മാസ കാലയളവിലേയ്ക്കുള്ളത്) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ